മാലിന്യ നീക്കം സുഗമമായി നടക്കുന്നു എന്ന് ഉറപ്പു വരുത്തുവാൻ മേയറും പ്രതിപക്ഷ നേതാവും അടക്കമുള്ള സംഘം നഗരത്തിലെ വിവിധ ഭാഗങ്ങൾ 2016 ആഗസ്റ്റ് 4–ാം തീയതി സന്ദർശിച്ചു. പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ യാതൊരു കാരണവശാലും നഗരത്തിന്റെ ഒരു ഭാഗത്തും കൂട്ടി ഇടാതിരിക്കുന്നതിനും കർശന നടപടി സ്വീകരിക്കുന്നതിനും എല്ലാ ഹെൽത്ത് വിഭാഗം ഉദ്ധ്യോഗസ്ഥർക്കും മേയർ കർശന നിർദ്ദേശം നൽകി.



നഗരത്തിലെ പൊതു സ്ഥലങ്ങളിൽ മാലിന്യം കൂട്ടി ഇടുന്നത് കണ്ടാൽ ബന്ധപ്പെട്ട ഉദ്ധ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കും എന്ന് മേയർ അറിയിച്ചു. ഉച്ച തിരിഞ്ഞ് കൗൺസിൽ ഹാളിൽ ഹെൽത്ത് വിഭാഗം ഉദ്ധ്യോഗസ്ഥരുടെ പ്രത്യേക യോഗം ചേരുകയും മാലിന്യ നീക്കം സംബന്ധിച്ച് അവലോകനം നടത്തുകയും ചെയ്തു.